നമ്പർ പി.എഫ്.5-35813/15

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം (അനക്സ്)
കെ.പി.ഇ.പി.എഫ് ,
സ്വരാജ് ഭവൻ , നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം , തീയതി 28/07.2017

സർക്കുലർ

വിഷയം- പഞ്ചായത്ത് വകുപ്പ്- മറ്റു വകുപ്പുകളിൽ നിന്നും പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച് കെ.പി.ഇ.പി.എഫ് അംഗത്വം നേടുന്നത് സംബന്ധിച്ച്

സൂചന- 1.ബഹു അക്കൗണ്ടന്റ് ജനറലിന്റെ 21.03.2016 ലെ എഫ്.എം.1/9-27/2015-16 /691 നമ്പർ കത്ത്

2. ഈ ആഫീസിലെ 27.04.2016 ലെ എ 3-10304/16 നമ്പർ കത്ത്.

1976 ലെ കേരളപഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് മാത്രമായി കേരളപഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളതാണ്. എന്നാൽ മറ്റ് വകുപ്പുകളിൽ ജോലിയിൽ പ്രവേശിക്കുകയും ജി.പി.എഫ് അംഗത്വം നേടിയിട്ടുള്ളതുമായ ജീവനക്കാർ പ്രസ്തുത വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചാലും കെ.പി.ഇ.പി,എഫ് അംഗത്വം നേടാതെ ജി.പി.എഫ് അക്കൗണ്ട് തന്നെ തുടർന്നു വരുന്ന സ്ഥിതി നിലവിലുണ്ട്. ഇത്തരത്തിൽ പഞ്ചായത്തുകളിൽ ജോലിചെയ്യുന്ന ജീവനക്കാർ സേവനത്തിൽ നിന്നും വിരമിക്കുന്ന അവസരത്തിൽ ടിയാളുകളുടെ ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനും പലിശകണക്കാക്കുന്നതിനും പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങൾ പ്രകാരം സാങ്കേതിമായി ബുദ്ധിമുട്ട് നേരിടുന്നതായും ടി സാഹചര്യത്തിൽ മറ്റ് വകുപ്പുകളിൽ സേവനത്തിലിരിക്കെ ജി.പി.എഫ് അംഗത്വം നേടിയശേഷം പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ, 2011 ലെ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങൾ ചട്ടം 39(5) അനുശാസിക്കും പ്രകാരം ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച് നീക്കിയിരിപ്പുള്ള തുക കെ.പി.ഇ.പി,എഫ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും സൂചന (1) കത്ത് മുഖാന്തിരം നിർദ്ദേശിച്ചിരുന്നു. ബഹു. അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതിൽ ജി.പി.എഫ് അക്കൗണ്ട് തുടർന്നു വരുന്ന ജീവനക്കാർ ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച്

കെ.പി.ഇ.പി.എഫ് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സൂചന (2) ലെ കത്ത് മുഖാന്തിരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മറ്റ് വകുപ്പുകളിൽ നിന്നും പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന നിരവധി ജീവനക്കാർ പ്രസ്തുത വകുപ്പിൽ സേവനത്തിലിരിക്കെ നേടിയിട്ടുള്ള ജി.പി.എഫ് അംഗത്വം തന്നെ വീണ്ടും തുടർന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ടി സാഹചര്യത്തിൽ 01.01.02017 ന ശേഷം മറ്റു വകുപ്പുകളിൽ നിന്നും വിടുതൽ ചെയ്ത് പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും ജി.പി.എഫ് അംഗത്വം നേടിയിട്ടുള്ളതുമായ ജീവനക്കാർ അടിയന്തിരമായി കെ.പി.ഇ.പി.എഫ് അംഗത്വം നേടേണ്ടതും അംഗത്വം ലഭിക്കുന്നമുറക്ക് ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച് നീക്കിയിരിപ്പുള്ള തുക കെ.പി.ഇ.പി.എഫ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനും നിർദ്ദേശിക്കുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസുകൾ ,പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസുകൾ , ജില്ലാപഞ്ചായത്താഫീസുകൾ ഉൾപ്പെടെ പഞ്ചായത്ത് വകുപ്പിന്റെ എല്ലാ ആഫീസുകളിലും പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ കെ.പി.ഇ.പി.എഫ് അംഗത്വം നേടേണ്ടതാണ്.

വി.രതീശൻ .ഐ.എ.എസ്

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മാർക്കും

എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

ഇ സെക്ഷൻ/ എ സെക്ഷൻ , പഞ്ചായത്ത് ഡയറക്ടറേറ്റ്

എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

കരുതൽ/അധികം

OFFICE OF THE DIRECTOR OF PANCHAYATS THIRUVANANTHAPURAM
Date

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ആഫീസർ